പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2204

15/07/2011-ൽ മറുപടി
നല്കേണ്ടിയിരുന്നത്

## മൂന്നാറിലെ ഭൂമി ഏറ്റെടുക്കൽ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് മൂന്നാറിൽ അന്യാധീനപ്പെട്ട ഗവണ്മെന്റ് ഭൂമി എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (എ) മൂന്നാറിൽ മുൻ സർക്കാരിന്റെ കാലത്ത് ഉദ്ദേശം 4690 ഹെക്ടറോളം ഭൂമി അന്യാധീനപ്പെട്ടിട്ടുള്ളതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ അതിൽ എത്ര സ്ഥലം ഗവണ്മെന്റ് ഏറ്റെടുത്തുവെന്ന് വ്യക്തമാക്കാമോ; | (ബി) ഇതിൽ ഉദ്ദേശം 4622 ഹെക്ടറോളം ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. |
| (സി) കണ്ണൻ ദേവൻ ഹിൽസ് ഓർഡിനൻസ് പ്രകാരം കെ.ഡി.എച്ച്.വില്ലേജിലെ എത്ര ഏക്കർ സ്ഥലമാണ് ഗവണ്മെന്റ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ; | (സി) കണ്ണൻ ദേവൻ ഹിൽസ് ഓർഡിനൻസ് പ്രകാരം കെ.ഡി.എച്ച്. വില്ലേജിലെ 1073.50 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാൻ നിശ്ചയിച്ചിരുന്നത്. എന്നാൽ നാളിതുവരെ ഭൂമി ഏറ്റെടുത്തിട്ടില്ലാത്തതാണ്. |
| (ഡി) ടാറ്റയ്ക്ക് എത്ര സ്ഥലമാണ് ഗവണ്മെന്റ് പാട്ടത്തിന് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി)കെ.ഡി.എച്ച്.പി/ടാറ്റാ റ്റീ കമ്പനിയ്ക്ക് 58741.82 ഏക്കർ ഭൂമിയാണ് പാട്ടത്തിന് നല്കിയിട്ടുള്ളത്. |
| (ഇ) അതിൽ ഏതെല്ലാം സംരംഭങ്ങളാണ് ഉൾക്കൊള്ളുന്നത്; | (ഇ)തേയില കൃഷിയും അനുബന്ധ സംരംഭങ്ങളും ഇതിൽ ഉൾക്കൊണ്ട് വരുന്നു. |
| (എഫ്) മൂന്നാറിൽ ഗവണ്മെന്റ് ഭൂമി ഏറ്റെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (എഫ്) 11/07/2011 മുതൽ ബലപ്രയോഗമില്ലാതെ നിയമാനുസൃതം ഭൂമി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒഴിപ്പിച്ചെടുത്ത ഭൂമികൾ സംരക്ഷിക്കുന്നതിന് റവന്യൂ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ